## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2901 28.01.2014 -ലെ മറുപടിക്ക്.**

**മലബാർ മേഖലയിലെ ഹയർ സെക്കൻഡറി സ്കൂളുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) മലബാർ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹയർസെക്കൻഡറി സ്കൂളുകളാണ് അനുവദിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) മലബാർ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൂന്ന് ഹയർസെക്കന്ററി സ്കൂളുകൾ അനുവദിച്ചു. അവയുടെ ജില്ല തിരിച്ച വിവരം താഴെകൊടുക്കുന്നു.<br>(1) <u>പാലക്കാട്</u><br>കെ.പി.എസ്.എം.എം.എച്ച്.എസ്.എസ്, വാറോട്, ഒറ്റപ്പാലം, പാലക്കാട്.<br><br>(2) <u>മലപ്പുറം</u><br>(i) എ.കെ.എം.എച്ച്.എസ്.എസ്, കോട്ടൂർ, മലപ്പുറം.<br>(ii) പി.എം.എസ്.എ.വി.എച്ച്.എസ്.എസ്., ചപ്പനങ്ങാടി,മലപ്പുറം<br>( 2014-15 അധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിക്കുന്നു) |
| (ബി) പ്രസ്തുത സ്കൂളുകളിലെ അധ്യാപക നിയമനം അംഗീകരിക്കുന്നതിന്റെ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ; | (ബി) കെ.പി.എസ്. എം.എം.എച്ച്.എസ്.എസ്, വാറോട്, ഒറ്റപ്പാലം, പാലക്കാട്, എ.കെ.എം. എച്ച്.എസ്.എസ്, കോട്ടൂർ, മലപ്പുറം. എന്നീ സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിന്റെ കോഴിക്കോട് റീജിയണൽ ഡയറക്ടറുടെ ഓഫീസിൽ ജീവനക്കാരുടെ കുറവ്, പ്രസ്തുത നിയമനങ്ങൾക്ക് | (സി) റീജിയണൽ ഓഫീസുകളിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമനാംഗീകാരം അടക്കം തീർപ്പാകാത്ത ഫയലുകൾ സുഗമമായി തീർപ്പാക്കുന്നതിനും ജോലിഭാരം |

അംഗീകാരം നൽകുന്നതിന് തടസ്സമാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നട പടികളാണ് ഇക്കാര്യത്തിൽ കൈ ക്കൊണ്ടിട്ടുള്ളത്?

ലഘൂകരിക്കുന്നതിനും കോട്ടയം, മലപ്പുറം, കണ്ണൂർ എന്നീ മേഖലാ ഓഫീസുകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ മലപ്പുറം ഓഫീസിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കോട്ടയം,കണ്ണൂർ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ആഫീസർ